"ഭരണഭാഷ-മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

(കേരള സംസ്ഥാനം)

നമ്പർ.ഐ1/4371/2019

ട്രെയിനിംഗ് ഡയറക്ടറേറ്റ്,
തൊഴിൽ ഭവൻ, പി.എം.ജി,
വികാസ് ഭവൻ.പി.ഒ,
തിരുവനന്തപുരം-33,
തീയതി: 03/01/2020

ട്രെയിനിംഗ് ഡയറക്ടർ

എല്ലാ ഐടിഐ പ്രിൻസിപ്പാൾമാർക്കും

സർ,

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- ഇന്ത്യാ സ്കിൽസ് കേരള 2020- ജില്ലാതല മത്സരത്തിലേക്ക് ഉപകരണം സംഭരിക്കുന്നത് -സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിൽ നിന്നുള്ള 26/12/2019ലെ ഇതേ നമ്പർ കത്ത്.

* * * *

സൂചന കത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇന്ത്യാ സ്കിൽസ് കേരള 2020- ജില്ലാതല മത്സരങ്ങൾ 15ാം തീയതി തുടങ്ങുന്നതിന്റെ ഭാഗമായി ആവശ്യമുള്ള ടൂൾസ്, എക്യുപ്മെന്റ്സ്, മെഷീനറി, കൺസ്യൂമബിൾസ്, വർക്ഷോപ്പ് ക്രമീകരണം എന്നിവ ഉറപ്പ് വരുത്തേണ്ടതാണ്. 21 സ്കിൽ മത്സരങ്ങളുടെ ജില്ലാതല സ്ക്രീനിംഗ്, ജില്ലാതല മത്സരങ്ങൾ എന്നിവയുടെ ബിൽ ഓഫ് മെറ്റീരിയൽസ് യഥാസമയം തന്നെ മത്സരം നടക്കുന്ന ഐടിഐ പ്രിൻസിപ്പാൾമാർക്ക് ഇ-മെയിലായി അയച്ചുകൊടുത്തിട്ടുള്ളതാണ്. കൂടാതെ ഇവയുടെ സംഭരണത്തിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ കത്ത് ഈ കാര്യാലയത്തിൽ നിന്നും 26/12/2019ന് ബന്ധപ്പെട്ട് എല്ലാ പ്രിൻസിപ്പാൾമാർക്കും അയച്ചു തന്നിട്ടുള്ളതാണ്. എന്നാൽ ഈ കാര്യത്തിൽ കാര്യമായ പുരോഗതി ഒന്നും കാണുന്നില്ല. ഈ സാഹചര്യത്തിൽ ബന്ധപ്പെട്ട പ്രിൻസിപ്പാൾമാർ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. ജില്ലാ മത്സരം നടക്കുന്ന ഐടിഐകളിലെ മത്സരം നടക്കുന്ന ഓരോ സ്കില്ലിനും ഉള്ള സാധന സാമഗ്രികൾ ഈ കാര്യാലയത്തിൽ നിന്നും അയച്ചു തന്നിട്ടുള്ള ലിസ്റ്റ് പ്രകാരം 13/01/20120 ന് മുൻപ് തന്നെ സജ്ജമാക്കേണ്ടതാണ്. ജില്ലാ മത്സരങ്ങൾക്ക് ഓരോ ജില്ലയിലും 20ൽ കൂടുതൽ മത്സരാർത്ഥികൾ ഉണ്ടെങ്കിൽ ഒരു സ്ക്രീനിംഗ് ടെസ്റ്റ് നടത്തി അത് പരമാവധി 20 ആയി

നിജപ്പെടുത്തേണ്ടതും ആയതിലേയ്ക്കുള്ള സാധനസാമഗ്രികളുടെ സംഭരണം മാത്രമേ നടത്താനും പാടുള്ളു.

2. സിലബസിലുള്ള എതെങ്കിലും ഉപകരണങ്ങൾ (കൺസ്യൂമബിൾ ഒഴികെ ) ഉണ്ടെങ്കിൽ ബിൽ ഓഫ് മെറ്റീരിയൽസ് അനുസരിച്ച് സംഭരണം നടത്തേണ്ടി വന്നാൽ അത് മത്സരം നടക്കുന്ന ഐടിഐയിലോ, ആ ജില്ലയിലെ തന്നെ മറ്റേതെങ്കിലും ഐടിഐകളിലോ ലഭ്യമാണോ എന്ന് ഉറപ്പു വരുത്തേണ്ടതും അങ്ങനെ ലഭ്യമാണെങ്കിൽ പ്രസ്തുത ഐടിഐകളിൽ നിന്നും ടി ഉപകരണങ്ങൾ മത്സരത്തിനായി സജ്ജമാക്കേണ്ടതുമാണ്. എന്നാൽ ടി ഉപകരണങ്ങൾ അതാത് ജില്ലകളിലെ ഒരു ഐടിഐകളിലും ലഭ്യമല്ലെങ്കിൽ ടി വിവരം ഉൾപ്പെടെ ഒരു സത്യവാങ്മൂലത്തോടുകൂടി സിലബസ് അനുസരിച്ച് ആവശ്യമുള്ള തും അല്ലാത്തതും പ്രത്യേകം പാക്കേജുകളാക്കി ശുപാർശ ഭരണാനുമതിയ്ക്കായി ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ്.

3. ബിൽ ഓഫ് മെറ്റീരിയൽസ് അനുസരിച്ചുള്ള സാധന സാമഗ്രികളുടെ സംഭരണത്തിനായിട്ടുള്ള ശുപാർശ 04/01/2020ന് 4 മണിക്കു മുൻപായി പ്രത്യേക ദൂതൻ മുഖാന്തിരം ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്.

4. എല്ലാ നോഡൽ ഐടിഐ പ്രിൻസിപ്പാൾമാരും അവരവരുടെ കീഴിൽ വരുന്ന മത്സരം നടക്കുന്ന ഐടിഐകളുടെ പ്രിൻസിപ്പാൾമാരുമായി നേരിട്ട് ബന്ധപ്പെട്ട് ജില്ലാതല മത്സരങ്ങൾക്കുള്ള സാധന സാമഗ്രികൾ സംഭരണം ചെയ്തിട്ടുണ്ടെന്നുള്ള കാര്യം ഉറപ്പു വരുത്തി ആയത് ഇന്ത്യാ സ്കിൽസ് കേരള 2020 ന്റെ ഔദ്യോഗിക വാട്സ്ആപ്പ് ഗ്രൂപ്പായ isk2020 യിൽ 13/01/2020 ന് മുൻപ് അപ്ഡേറ്റ് ചെയ്യേണ്ടതാണ്.

വിശ്വസ്തതയോടെ,

ട്രെയിനിംഗ് ഡയറക്ടർ ക്കുവേണ്ടി